**പതിമൂന്നാം കേരള നിയമസഭ**
**രണ്ടാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ :7072 — 2.11.2011-ൽ മറുപടിയ്ക്ക്

**എന്റെ ഗ്രാമം സൗഹൃദഗ്രാമം പദ്ധതി**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എം.എ.വാഹീദ്<br>ശ്രീ. അൻവർ സാദത്ത്<br>ശ്രീ.ഐ.സി.ബാലകൃഷ്ണൻ | ശ്രീ. എ.പി.അനിൽകുമാർ<br>(പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പു മന്ത്രി). |
| എ) "എന്റെ ഗ്രാമം സൗഹൃദഗ്രാമം" പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ എന്തെല്ലാം; | എ) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ ടൂറിസം വികസനത്തിൽ പങ്കാളികളാക്കുന്ന പദ്ധതിയാണ് "എന്റെ ഗ്രാമം ടൂറിസം സൗഹൃദഗ്രാമം പദ്ധതി". ഒരു തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ അധികാര പരിധിയിൽ വരുന്ന ടൂറിസം പ്രാധാന്യമുള്ള ചെറിയ ടൂറിസം കേന്ദ്രങ്ങളെ ടൂറിസ്റ്റുകൾക്കായി ഒരുക്കി കൊടുക്കുന്നതിനാണ് ഈ പദ്ധതി ലക്ഷ്യം വയ്ക്കുന്നത്. |
| ബി) വിനോദസഞ്ചാര കേന്ദ്രങ്ങളിലെ പശ്ചാത്തല സൗകര്യം ഒരുക്കുന്നതിനും സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും പ്രസ്തുത പദ്ധതിവഴി എന്തെല്ലാം കാര്യങ്ങളാണ് നടപ്പിലാക്കിവരുന്നത് എന്ന് വെളിപ്പെടുത്തുമോ; | ബി) പ്രകൃതി സൗന്ദര്യം ഉള്ള സ്ഥലങ്ങളിൽ പ്രാഥമിക സൗകര്യങ്ങൾ ഒരുക്കൽ, വില്ലേജ് സ്ക്വയറുകളുടെ വികസനം, അഡ്വഞ്ചർ ടൂറിസം പ്രവർത്തികളായ ട്രക്കിംഗ്, വാട്ടർ സ്പോർട് സ് എന്നിവ നടപ്പിലാക്കൽ പുതിയ ടൂറിസം ഉൽപ്പന്നങ്ങളുടെ വികസനം, ഗ്രാമങ്ങളിലെ പാരമ്പര്യ വ്യവസായങ്ങളുടെ വ്യാപനം, കൃഷി അടിസ്ഥാനമാക്കിയുള്ള ടൂറിസം പ്രോഡക്ടുകളുടെ വികസനം എന്നിവയാണ് പ്രസ്തുത പദ്ധതിയിലുൾപ്പെടുത്തി നടപ്പിലാക്കിവരുന്നത്. |
| സി) പ്രസ്തുത പദ്ധതി സംസ്ഥാനം മുഴുവനും വ്യാപകമാക്കുന്ന കാര്യം പരിഗണിക്കുമോ? | സി) സംസ്ഥാനത്തൊട്ടാകെ ഈ പദ്ധതി ഇപ്പോൾ തന്നെ പ്രാബല്യത്തിലുണ്ട്. |

സെക്ഷൻ ഓഫീസർ